പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 356 — 12.01.2021 -ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം

| ചോദ്യം<br>**ശ്രീമതി ഷാനിമോൾ ഉസ്മാൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതീകരിച്ച വീട്ടുകളുടെ എണ്ണം കൂടിയത് മൂലവും പാചക വാതക കണക്ഷനുകളുടെ എണ്ണത്തിന്റെ വർദ്ധനവ് മൂലവും സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് കുറവ് വരുത്തിയതെന്ന് വെളിപ്പെടുത്താമോ; | (എ) ഉണ്ട് . 2019 ജൂലൈയിൽ ആരംഭിച്ച ത്രൈമാസപാദം മുതൽ മണ്ണെണ്ണ വിഹിതത്തിൽ 4644 കിലോ ലിറ്ററിന്റെ കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) മുൻഗണനാ വിഭാഗത്തിന് ഒരു മാസം അനുവദിച്ചിരുന്ന അര ലിറ്റർ മണ്ണെണ്ണപോലും പല മാസങ്ങളിലും ലഭിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) ഉണ്ട്. നിലവിൽ ഒരു മാസം എ.എ.വൈ, പി.എച്ച്.എച്ച്, എൻ.പി.എസ്, എൻ.പി.എൻ.എസ് വിഭാഗങ്ങൾക്ക് വിതരണം ചെയ്യുവാൻ 4560 കി.ലി മണ്ണെണ്ണ ആവശ്യമായി വരുന്നു. എന്നാൽ കേന്ദ്രം ഒരു ത്രൈമാസപാദത്തിൽ അനുവദിക്കുന്ന 9264 കി.ലി മണ്ണെണ്ണ ഒരു പാദത്തിലെ അവസാന മാസത്തിൽ നാല് വിഭാഗം കാർഡുടമകൾക്കും വിതരണം ചെയ്യാൻ തികയാതെ വരുന്നതിനാൽ ഓരോ പാദത്തിലെയും അവസാന മാസത്തിൽ എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങൾക്ക് മാത്രമായി വിതരണം പരിമിതപ്പെടുത്തി ക്രമീകരിച്ചു വരുന്നു. |
| (സി) കേന്ദ്രം വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് അറിയിക്കാമോ? | (സി) വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും സംസ്ഥാനത്ത് വൈദ്യുതീകരിച്ച വീട്ടുകളുടെ എണ്ണം കൂടിയതും പാചക വാതക കണക്ഷനുകളുടെ എണ്ണത്തിന്റെ വർദ്ധനവും ചൂണ്ടിക്കാട്ടി പ്രസ്തുത ആവശ്യം കേന്ദ്രം നിരാകരിക്കുകയാണ് ഉണ്ടായത് . |

സെക്ഷൻ ഓഫീസർ